# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 641 08/08/2017-ൽ മറുപടിക്ക്

## വൈദ്യുതോൽപ്പാദനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വൈദ്യുതോൽപ്പാദനത്തിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയാണെന്നും ഓരോ മാർഗ്ഗത്തിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വൈദ്യുതോൽപ്പാദനത്തിന് കൂടുതലായി ജലവൈദ്യുത പദ്ധതികളെയാണ് ആശ്രയിക്കുന്നത്. കൂടാതെ ' സൌരോർജ്ജത്തിൽ നിന്നും കാറ്റിൽ നിന്നും LSHS താപനിലയങ്ങളിൽ നിന്നും ചെറിയ തോതിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നു. 2017 ജൂലായ് 31 -ാം തീയതി വരെയുള്ള കണക്ക് പ്രകാരം വിവിധ മാർഗ്ഗങ്ങളിൽ നിന്നുമുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ശരാശരി പ്രതിദിന ഉല്പാദനം തരം തിരിച്ച് ചുവടെ ചേർക്കുന്നു. |

| | |
|---|---|
| ജലവൈദ്യുത പദ്ധതി | 13.67 ദശലക്ഷം യൂണിറ്റ് |
| കാറ്റിൽനിന്നുള്ള വൈദ്യുതി | 0.48 ദശലക്ഷം യൂണിറ്റ് |
| സൌരോർജ്ജ വൈദ്യുതി | 0.142ദശലക്ഷം യൂണിറ്റ് |
| LSHS താപ വൈദ്യുതി | ഇല്ല |

എനർജി മാനേജ്മെന്റ് സെന്ററിന്റെ പരിധിയിലുള്ള പാരമ്പര്യേതര ഊർജ്ജ മേഖലയായ ചെറുകിട/മൈക്രോ/പീക്കോ ജലവൈദ്യുത പദ്ധതികളിൽ നിന്നും സ്വകാര്യ മേഖലയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഗുണഭോക്താക്കളുടെയും ഉല്പാദിപ്പിക്കുന്ന സ്ഥാപിതശേഷി ഇനം തിരിച്ച് താഴെ ചേർത്തിരിക്കുന്നു.

(...2)

**ചെറുകിട ജലവൈദ്യുത പദ്ധതികൾ (സ്വകാര്യ മേഖല)**

**ക്യാപ്റ്റീവ് പദ്ധതികൾ**

| | |
|---|---|
| മണിയാർടെയിൽറെസ് | - 12 MW |
| കുത്തുങ്കൽ | - 21 MW |
| | --------- |
| ആകെ | 33 MW |

**ഇൻഡിപെൻഡന്റ് പദ്ധതികൾ (IPP)**

| | |
|---|---|
| ഇരുട്ടുകാനം (I&II ഘട്ടങ്ങൾ) | - 4.5 MW |
| അള്ളുങ്കൽ | - 7 MW |
| കാരിക്കയം (I&II ഘട്ടങ്ങൾ) | - 15 MW |
| പാതംകയം | - 8 MW |
| | --------- |
| ആകെ | 34.5 MW |

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ**

| | |
|---|---|
| മാങ്കുളം | - 110 kW |
| കല്ലാർ | - 50 kW |
| മീൻവല്ലം | - 3000 kW |
| | ------- |
| ആകെ | 3160 kW (3.6 MW) |

കൂടാതെ കേന്ദ്ര നവീന നവീകരണ ഊർജ്ജമന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ (CFA) നടപ്പിലാക്കിയ - 100 kW പദ്ധതി.

പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് അനെർട്ട് സ്ഥാപിച്ചിട്ടുള്ള 2 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റിൽ നിന്നും പ്രതിദിനം ഏകദേശം 8000 യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ച് വരുന്നുണ്ട്. വൈദ്യുത ശൃംഗലയുമായി ബന്ധിപ്പിക്കുന്ന സോളാർ കണക്ട് പദ്ധതിയിലൂടെ 8.4 മെഗാവാട്ട് സ്ഥാപിതശേഷിയും ബാറ്ററി ശേഷിയോടു കൂടി വരുന്ന സോളാർ സ്മാർട്ട്, പതിനായിരം സൗരമേൽക്കൂര എന്നീ പദ്ധതികളിലൂടെ 13.38MW സ്ഥാപിത ശേഷിയും കൈവരിച്ചിട്ടുണ്ട്. കൂടാതെ കാറ്റിൽ നിന്നും 43.275 MW വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാറ്റാടി പാടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 2.02 MW കെ.എസ്.ഇ.ബി.യുടേതായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തിക്കുന്നു. ബാക്കിയുള്ളവ സ്വകാര്യ മേഖലയിലുള്ള വയാണ്.

( --- 3 )

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് മഴയുടെ കുറവ് മൂലം വൈദ്യുതോൽപ്പാദനത്തിന് ആവശ്യത്തിന് വെള്ളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഈ സാഹചര്യത്തിൽ വേറെ ഏതൊക്കെ മാർഗ്ഗങ്ങളാണ് വൈദ്യുതോൽപ്പാദനത്തിനു പുതുതായി തേടുന്നതെന്നു വ്യക്തമാക്കാമോ; | (സി) | ആവശ്യത്തിനുള്ള വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള അടിസ്ഥാന സൌകര്യങ്ങൾ ഇല്ലാത്തതിനാൽ ഈ കുറവു നികത്താനായി പുറത്തുനിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കാനാണ് ശ്രമിക്കുന്നത്. ദീർഘകാലാടിസ്ഥാനത്തിൽ സൌരോർജ്ജ പദ്ധതികളും താപ നിലയവും ജലവൈദ്യുത പദ്ധതികളും സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനങ്ങൾ കെ.എസ്.ഇ.ബി.എൽ നടത്തുന്നുണ്ട്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ സൌരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നും കഴിയാവുന്നിടത്തോളം വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്.<br><br>82 MW ശേഷിയുള്ള കാറ്റാടി പാടങ്ങൾ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ എൻ.എച്ച്.പി.സി മുഖാന്തിരം സ്ഥാപിക്കാനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| (ഡി) | സംസ്ഥാനത്തെ ഡാമുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതോൽപ്പാദനം നടത്താൻ ഏതെങ്കിലും പദ്ധതി ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | വയനാട് ജില്ലയിലെ ബാണാസുര സാഗർ റിസർവോയറിൽ 10 കി. വാട്ടുശേഷിയുള്ള പദ്ധതി നടപ്പാക്കിയിട്ടുള്ളതും, 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതിയുടെ നിർമ്മാണം പൂർത്തിയായിവരുന്നു. കൂടാതെ ബാണാസുരസാഗർ ഡാമിന്റെ നടപ്പാതയുടെ മുകളിൽ 400 കിലോവാട്ട് ശേഷിയുള്ള സൌരോർജ്ജനിലയം സ്ഥാപിച്ച് വൈദ്യുത്യോത്പാദനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ